**ശ്രദ്ധ ക്ഷണിക്കൽ**

(1) യുക്രൈനിൽനിന്നും മടങ്ങിവന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ ഭാഗമായി യുക്രൈനിൽ താമസിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തര ശ്രദ്ധ പതിയണമെന്ന ആവശ്യമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ലഭ്യമായ വിവരമനുസരിച്ച് യുക്രൈനിൽ ആകെ 36 മെഡിക്കൽ യൂണിവേഴ്സിറ്റികളാണുള്ളത്. കേരളത്തിൽനിന്നും ഏകദേശം രണ്ടായിരത്തിൽപ്പരം വിദ്യാർത്ഥികളാണ് മെഡിക്കൽ പഠനത്തിനായി അവിടെ എത്തിയിട്ടുള്ളത്. മെഡിക്കൽ പഠനത്തിന് പുറമെ അഗ്രിക്കൾച്ചർ, വെറ്ററിനറി സയൻസ്, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകളിലും കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവസാന വർഷ വിദ്യാർത്ഥികൾക്ക് ഇനി ഒരു സെമസ്റ്ററും കൂടിയാണ് പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത വിദ്യാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ കോഴ്സ് പൂർത്തീകരിക്കാനാകും. ഇന്ത്യയിൽത്തന്നെ പൂർത്തീകരിക്കാനായാൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനും Foreign Medical Graduate Examination എഴുതുന്നതിനുമുള്ള അനുമതി

നൽകുന്നതിനുള്ള ഇടപെടലുകൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഒന്നാം വർഷം മുതൽ അഞ്ചാം വർഷം വരെയുള്ള വിദ്യാർത്ഥികൾക്ക് ഇനി തിരിച്ചുപോയി പഠിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ പ്രസ്തുത സിലബസ് ഫോളോ ചെയ്യുന്ന മറ്റേതെങ്കിലും രാജ്യത്ത് പോയി പഠനം പൂർത്തിയാക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങളിൽ പ്രത്യേക ഇളവ് നൽകുന്നതിനുള്ള ഇടപെടൽ കേന്ദ്രസർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഇത്തരത്തിൽ country transfer-ലൂടെ തുടർന്ന് പഠിക്കാനുള്ള സാഹചര്യമുണ്ടായാൽ വിദ്യാഭ്യാസ വായ്പയും ട്രാൻസ്ഫർ ചെയ്തുനൽകുന്നതിനുള്ള ഇപ്പോഴത്തെ നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഒഴിവാക്കി നൽകേണ്ടതാണ്. സർട്ടിഫിക്കറ്റും അനുബന്ധ രേഖയും നഷ്ടമായ വിദ്യാർത്ഥികൾക്ക് അവയുടെ ഡ്യൂപ്ലിക്കേറ്റ് യഥാസമയം ലഭ്യമാക്കി നൽകുന്നതിനുള്ള ഇടപെടൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ വിവിധ വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ കൃത്യമായ വിവരങ്ങൾ ഡേറ്റാ ബേസ് ശേഖരിച്ച് സൂക്ഷിക്കുന്ന സംവിധാനം നിലവിലില്ല. ഇതിലേയ്ക്കായൊരു പ്രത്യേക പോർട്ടൽ രൂപീകരിക്കാനായാൽ

ഇത്തരത്തിലുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുമ്പോൾ രക്ഷാപ്രവർത്തനമുൾപ്പെടെയുള്ള കാര്യങ്ങളിൽ കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ സഹായകരമാകും. ആയതിലേയ്ക്കായുള്ള ക്രമീകരണങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. യുക്രൈനിൽ കൃത്യമായി എത്ര ഇന്ത്യക്കാരുണ്ടെന്നുപോലും വിദേശ മന്ത്രാലയത്തിന് അറിയില്ല. ഇതുസംബന്ധിച്ച വ്യത്യസ്ത കണക്കുകളാണ് പുറത്തുവരുന്നത്. രാജ്യത്തിന് പുറത്ത് ജോലി നേടിയും പഠിക്കാനും അവിടെ താമസിക്കാനും പോകുന്ന ഇന്ത്യക്കാരുടെ എണ്ണം ശേഖരിക്കാൻ കേന്ദ്ര സർക്കാരിന് കഴിയാത്തത് നിലവിലുള്ള നിയമത്തിന്റെ പോരായ്മയാണ്. നാൽപ്പത് വർഷം പഴക്കമുള്ള നിയമമാണ് പ്രാബല്യത്തിലുള്ളത്. റഷ്യ-യുക്രൈൻ സംഘർഷം ഉരുണ്ടുകൂടിയപ്പോഴേ പല രാജ്യങ്ങളും സ്വന്തം പൗരന്മാരെ യുക്രൈനിൽനിന്ന് പിൻവലിച്ചു. കേന്ദ്ര സർക്കാരാകട്ടെ പ്രത്യക്ഷ യുദ്ധം പൊട്ടി പുറപ്പെടുന്നതുവരെ ഉറങ്ങി കിടക്കുകയായിരുന്നു. റഷ്യയുമായി മികച്ച ബന്ധം സൂക്ഷിക്കുന്നുവെന്ന് മോദി സർക്കാർ പറയുമ്പോഴും നടക്കാൻ പോകുന്ന കാര്യങ്ങൾ തിരിച്ചറിയാൻ ഇന്ത്യൻ നയതന്ത്രവൃന്ദത്തിന് കഴിഞ്ഞില്ല. ഇവിടേയ്ക്ക് പോരണമെന്നുള്ളവർ മാത്രം യുക്രൈൻ വിട്ടുവന്നാൽ മതിയെന്ന് വിദേശമന്ത്രാലയം തുടർച്ചയായി മുന്നറിയിപ്പ്

നൽകിയതിൽനിന്ന് എന്താണ് നാം മനസ്സിലാക്കേണ്ടത്? ഇക്കാര്യത്തിൽ ഫെബ്രുവരി 24-നാണ് പൂർണ്ണമായും യുക്രൈൻ വിട്ടുവരണമെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നത്. യുക്രൈനിൽ കുടുങ്ങിയ ഇന്ത്യക്കാരിൽ പകുതിയോളം പേർ സംഘർഷം രൂക്ഷമായ കിഴക്കൻ മേഖലയിലാണ്. താൽക്കാലിക വെടിനിർത്തലിന് ഇരുപക്ഷത്തെയും പ്രേരിപ്പിക്കാൻ ഇന്ത്യ നയതന്ത്ര ഇടപെടൽ ശക്തമാക്കേണ്ടതുണ്ട്. കൊടും തണുപ്പിൽ ഭക്ഷണംപോലും കിട്ടാതെ കൗമാരക്കാരടക്കമുള്ള ഇന്ത്യക്കാർ യുദ്ധഭൂമിയിൽനിന്നും ദിവസങ്ങളോളം കാൽനടയായി വന്നുചേർന്നാണ് സ്വന്തം ജീവൻ രക്ഷിച്ചത്. ഈ കാര്യം നമ്മെ നടുക്കുന്ന സംഭവങ്ങളായിരുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.......... ഓർഡർ........... സഭയിൽ ക്രമം പാലിക്കേണ്ടതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: വി. പി. സിംഗ് സർക്കാർ ഗൾഫ് യുദ്ധകാലത്ത് ഒരു ലക്ഷത്തി എഴുപതിനായിരം ഇന്ത്യക്കാരെ സുരക്ഷിതമായി മടക്കിയെത്തിച്ചത് മാതൃകയാക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അതുണ്ടായില്ല. ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ ഇന്ന് വലിയ ആത്മസംഘർഷത്തിലാണ്. അതോടൊപ്പം കുടുംബങ്ങളും വലിയ

സംഘർഷത്തിലാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ കേരള ഗവൺമെന്റ് ഇടപെടണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യുദ്ധത്തെത്തുടർന്ന് യുക്രൈനിൽ അകപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള മലയാളികളെ നാട്ടിലെത്തിക്കാൻ സർക്കാർ സത്വരവും ഫലപ്രദവുമായ നടപടികളാണ് സ്വീകരിച്ചത്. യുക്രൈനിലെ വിവിധ പ്രവിശ്യകളിൽ അകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര വിദേശകാര്യമന്ത്രിക്കും കത്തയയ്ക്കുകയും കേന്ദ്ര വിദേശകാര്യമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു. വിദ്യാർത്ഥികളെ സ്വീകരിക്കാൻ ഡൽഹിയിലും മുംബൈയിലും നോർക്ക ഡെവലപ്മെന്റ് ഓഫീസുകളുടെ നേതൃത്വത്തിൽ ഇരുപത്തിനാല് മണിക്കൂറും സംവിധാനമേർപ്പടുത്തുകയും മുംബൈയിലും ഡൽഹിയിലും കേരള ഹൗസിൽ താമസവും ഭക്ഷണവുമൊരുക്കുകയും ചെയ്തു. തുടർന്ന് അവിടെനിന്ന് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ചാർട്ടേർഡ് വിമാനങ്ങളിലും അല്ലാതെയും വിദ്യാർത്ഥികളെ നാട്ടിലെത്തിച്ചു. വിമാനത്താവളങ്ങളിൽനിന്നും അവരെ നാട്ടിലെത്തിക്കുന്നതിന് സൗജന്യമായി വാഹന സൗകര്യവും ഏർപ്പെടുത്തി. ഇതുവരെ 3379

വിദ്യാർത്ഥികളെ ഇത്തരത്തിൽ നാട്ടിലെത്തിച്ചിട്ടുണ്ട്. റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഡൽഹി കേരള ഹൗസ് ടീം സ്തുത്യർഹമായ പ്രവർത്തനമാണ് ഇക്കാര്യത്തിൽ കാഴ്ചവച്ചത്. അവരെ ഹാർദ്ദമായി അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. യുക്രൈനിൽനിന്നും മടങ്ങിയെത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് വനിതകളക്കമുള്ള പ്രത്യേക ഉദ്യോഗസ്ഥ സംഘം നോർക്കയുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമാണ്. വിവിധ കോഴ്സുകളിൽ വ്യത്യസ്ത സെമസ്റ്ററുകളിലായി പഠനം നടത്തിവരവെ യുദ്ധത്തെത്തുടർന്ന് നാട്ടിലേയ്ക്ക് തിരികെവന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമാണ്. സർട്ടിഫിക്കറ്റുകളും മറ്റ് വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും പഠനം തുടരാനും കഴിയുന്ന സാഹചര്യം ഒരുക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നോർക്കയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രത്യേക സെൽ പ്രവർത്തിക്കും. ഇതിനായി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പത്തുകോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. യുക്രൈനിൽനിന്നും മടങ്ങിവന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം സംബന്ധിച്ച് ദേശീയ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമെ

തുടർതീരുമാനം കൈക്കൊള്ളാനാകുകയുള്ളൂ. കോവിഡ് മഹാമാരി, യുദ്ധം തുടങ്ങിയ അസാധാരണവും നിർബന്ധിതവുമായ സാഹചര്യങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാതെയോ പൂർത്തിയാക്കാതെയോ തിരിച്ചെത്തുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിന് ദേശീയ മെഡിക്കൽ കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. അംഗീകൃത മെഡിക്കൽ കോളേജുകളിലോ അതോടൊപ്പമുള്ള ആശുപത്രികളിലോ ഒരു വർഷത്തെ ഇന്റേൺഷിപ്പോ അല്ലെങ്കിൽ അവശേഷിക്കുന്ന കാലയളവോ സൗജന്യമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന മെഡിക്കൽ കൗൺസിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ അനുവദിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. രാജ്യത്തെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റും മറ്റ് സൗകര്യങ്ങളും വിദേശത്തുനിന്നും വരുന്നവർക്ക് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് മെഡിക്കൽ വിദ്യാർത്ഥികളുടെ കാര്യത്തിൽ ദേശീയ മെഡിക്കൽ കമ്മീഷന്റെ തീരുമാനം ആവശ്യമാണ്. മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള വായ്പ അനുവദിക്കുമ്പോൾ ഹൗസ് സർജൻസി ഉൾപ്പെടെയുള്ള പഠന കാലയളവിന് പുറമെ ഒരു വർഷംകൂടി തിരിച്ചടവ് സാവകാശം നൽകിയാണ് ബാങ്കുകൾ വായ്പ നൽകുന്നത്. ഈ കാലാവധി കഴിയുന്ന മുറയ്ക്കോ തൊഴിൽ

സമ്പാദിക്കുന്ന സാഹചര്യത്തിലോ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്ന രീതിയാണ് നിലവിലുള്ളത്. യുദ്ധംകാരണം മെഡിക്കൽ വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ കോഴ്സുകളിലെ പഠനം നിർത്തി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം പൂർത്തിയാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും ദേശീയ മെഡിക്കൽ കമ്മീഷന്റെയും ശ്രദ്ധയിൽപ്പെടുത്തി സാദ്ധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, യുക്രൈനിൽനിന്ന് വന്ന് ഇവിടെ എത്തിച്ചേർന്ന കുട്ടികളോട് അവിടത്തെ സ്ഥാപനങ്ങൾ ഓൺലൈൻ ക്ലാസിന് പണമടയ്ക്കണമെന്ന് ഇപ്പോൾ ആവശ്യപ്പെട്ടുവരികയാണ്. അതും ഒരു വലിയ സംഘർഷത്തിന് ഇടവരുത്തിയിട്ടുണ്ട്. നോർക്ക ഇടപെട്ട് ഇക്കാര്യത്തിൽ അടിയന്തര സഹായം ചെയ്യേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ഒരു വിശദീകരണം ലഭിച്ചാൽ നന്നായിരിക്കും.

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വിഷമമനുഭവിക്കുന്ന കുട്ടികളുടെ പ്രശ്നപരിഹാരത്തിനുവേണ്ടി ആകാവുന്നതെല്ലാം ചെയ്യുക എന്നുള്ളതാണ് കാണുന്നത്. പക്ഷേ പരിമിതികൾ പൂർണ്ണമായി ഉൾക്കൊള്ളണം. നമുക്കുമാത്രമായി പ്രത്യേക

തീരുമാനങ്ങളെടുക്കാൻ കഴിയുന്നതല്ല. ഇന്ത്യാ ഗവൺമെന്റും ഇന്ത്യാ ഗവൺമെന്റ് ഏജൻസികളുമാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. അവരോട് അഭ്യർത്ഥിക്കാനും അവരിൽ സമ്മർദ്ദം ചെലുത്താനും മാത്രമെ സാധാരണഗതിയിൽ നമുക്ക് കഴിയുകയുള്ളൂ എന്നത് ഒരു പരിമിതിയാണ്.

## (2) പൊതുവിദ്യാലയങ്ങളിലെ ഗ്രൗണ്ടുകൾ പ്രവൃത്തിസമയത്തിനുശേഷം വിട്ടുനൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാനത്തെ കായിക താരങ്ങളുടെ കായിക മോഹങ്ങൾക്ക് ഒരു വലിയ തടസ്സമായി നിൽക്കുന്നത് ഗ്രൗണ്ടുകളുടെയും സ്റ്റേഡിയങ്ങളുടെയും അപര്യാപ്തതയാണ്. കായിക പരിശീലനം നേടുന്ന കായിക താരങ്ങൾ, കായികക്ഷമത ഉറപ്പുവരുത്തേണ്ടുന്ന പി.എസ്.സി. പരീക്ഷകൾക്കുവേണ്ടി തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾ, ആരോഗ്യ പരിപാലനത്തിനുവേണ്ടി കായികക്ഷമത ഉറപ്പുവരുത്തുന്ന പൊതുജനങ്ങൾ, പ്രഭാത സവാരിക്കാർ തുടങ്ങിയവർ ഉൾപ്പെടെയുള്ളവർ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ആവശ്യത്തിന് ഗ്രൗണ്ടുകൾ ഇല്ല എന്നുള്ളത്. എന്നാൽ സ്ഥലം അക്വയർ ചെയ്ത് പുതുതായി ഗ്രൗണ്ടുകളുണ്ടാക്കാൻ സാമ്പത്തികമായും സ്ഥലദൗർലഭ്യവുംകൊണ്ട് വലിയ പ്രയാസങ്ങൾ അനുഭവിക്കുകയാണ്.

ഈയൊരു പശ്ചാത്തലത്തിൽ കേരളത്തിൽ നിലവിലുള്ള ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗ്രൗണ്ടുകൾ കായിക താരങ്ങൾക്കും പ്രഭാത സവാരിക്കാരും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്കുംകൂടി ഉപയോഗിക്കാൻ പറ്റുന്ന സാഹചര്യമുണ്ടാക്കുകയെന്ന ഒറ്റ തീരുമാനത്തിലൂടെ നൂറുകണക്കിന് ഗ്രൗണ്ടുകൾ ഈ വിഭാഗങ്ങൾക്ക് കൊടുക്കാൻ കഴിയും. സ്കൂൾ സമയത്തിന് മുമ്പും ശേഷവും ഒരു ഉപയോഗവുമില്ലാതെ കിടക്കുന്ന ഗ്രൗണ്ടുകളെ ആ സമയങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യംകൂടിയാണ് ഇതിലൂടെ നിലവിൽവരുന്നത്. മാത്രവുമല്ല, സ്കൂൾ ആരംഭിച്ചതിനുശേഷം യാതൊരു റിനോവേഷനും മുതൽമുടക്കും ഈ ഗ്രൗണ്ടുകളിൽ നടത്തുന്നില്ല. ഈ ഗ്രൗണ്ടുകളിൽ ആധുനികമായ ഒരു സൗകര്യങ്ങളുമില്ല. ഗ്രൗണ്ട് ഉണ്ടോ എന്ന് ചോദിച്ചാൽ സ്കൂളുകൾക്ക് ഗ്രൗണ്ട് ഉണ്ട്. എന്നാൽ ആധുനികമായ എന്തെങ്കിലും സൗകര്യമുണ്ടോ എന്ന് ചോദിച്ചാൽ ഒരു സൗകര്യവുമില്ല. ഇത്തരത്തിൽ ഒരു തീരുമാനമെടുക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന്റെയും എം.എൽ.എ.-മാർ ഉൾപ്പെടയുള്ളവരുടെയും ആസ്തി വികസന ഫണ്ടുപയോഗിച്ചുകൊണ്ട് ഈ ഗ്രൗണ്ടുകൾ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഗ്രൗണ്ടുകളാക്കി മാറ്റിയെടുക്കാനും സാധിക്കും. ഇതിലൂടെ സ്കൂളിലെ കുട്ടികൾക്കും പൊതുജനങ്ങൾക്കുംകൂടി പ്രയോജനം

ചെയ്യുന്ന തരത്തിൽ ഇവ മാറ്റിയെടുക്കാൻ കഴിയും. കേരളത്തിന്റെ കായികക്കുതിപ്പിന് ഏറ്റവും വലിയ രീതിയിൽ ഇത് പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെയുള്ള ഒരേയൊരു പ്രശ്നം, ഗ്രൗണ്ടുകൾ ഇത്തരം വിഭാഗങ്ങൾക്ക് കൊടുക്കുമ്പോൾ ഏതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്നുള്ളതാണ്. ഇത് പരിശോധിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായും മറ്റും ബന്ധപ്പെട്ട് സൗഹൃദ കമ്മിറ്റിയും മറ്റും ഉണ്ടാക്കി നല്ല രീതിയിൽ പരിപാലിക്കാൻ സാധിക്കും. വലിയ മുതൽമുടക്കില്ലാതെ കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന കായിക പ്രേമികൾക്കും ജീവിതശൈലീ രോഗങ്ങൾ ഉള്ളവർക്കും വേണ്ടുന്ന കായിക പരിശീലനം നടത്തുന്നതിനും ഈ ഒറ്റ തീരുമാനത്തിലൂടെ സാധിക്കും. കേരളത്തിലെ കായിക മേഖലയ്ക്ക് വലിയ കുതിപ്പേകുന്ന ഈ തീരുമാനം സർക്കാർ കൈക്കൊള്ളണമെന്നുള്ളതാണ് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ)</u>: സർ, നല്ലൊരു അഭിപ്രായമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത്. ഇതിനകത്ത് ചില പ്രശ്നങ്ങൾ ഗൗരവമായി

കാണേണ്ടതുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ പൊതുസമൂഹത്തിലെ സ്വത്താണെന്നുള്ള കാര്യം വസ്തുതയാണ്. അതുകൊണ്ടുതന്നെ അവിടെയുള്ള സ്ഥലസൗകര്യങ്ങൾ പൊതുസമൂഹത്തിന്റെ ആരോഗ്യപരമായ ആവശ്യങ്ങൾക്കായി ഏറ്റവും മികച്ച നിലയ്ക്ക് ഉപയോഗപ്പെടുത്തേണ്ടതുതന്നെയാണ്. ഈ സമീപനത്തിലൂടെ സ്കൂൾ ഗ്രൗണ്ടുകളുടെ പ്രയോജനകരമായ വിനിയോഗവും അതുവഴി സമൂഹത്തിലുള്ള നേട്ടവും പരമാവധി സാധ്യമാകും എന്നത് തീർച്ചയായും സ്വാഗതാർഹമാണ്. എന്നിരുന്നാലും ഈ നിർദ്ദേശം പ്രായോഗികമാക്കുന്നതിന് നിലവിലുള്ള സാഹചര്യങ്ങളിൽ ചില തടസ്സങ്ങൾ ഉണ്ടെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. സ്കൂളുകളുടെ ക്ലാസ്മുറികളും വരാന്തകളും പരിസരവും സാമൂഹ്യവിരുദ്ധർ കൈയടക്കുന്ന പ്രശ്നം പലപ്പോഴും നാട്ടിൽ ഉണ്ടാകാറുണ്ട്. അത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുന്ന സാഹചര്യത്തിൽ മാത്രമെ സ്കൂൾ പരിസരം പൊതു ഉപയോഗങ്ങൾക്കായി തുറന്നുകൊടുക്കുവാൻ സാധിക്കുകയുള്ളൂ. സ്കൂൾ ഗ്രൗണ്ടുകൾ പൊതുജനങ്ങളുടെ കായിക വിനോദ പരിശീലനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിലൂടെ സ്കൂൾ കെട്ടിടങ്ങൾക്കോ സ്കൂളിന്റെ മറ്റ് ആസ്ഥികൾക്കോ ഒരു വിധത്തിലും കേടുപാടുകൾ ഉണ്ടാകില്ലെന്നും സ്കൂൾ പരിസരം സാമൂഹ്യവിരുദ്ധ ദുരുപയോഗത്തിന്

വിധേയമാകില്ലെന്നും ഉറപ്പാക്കാനുള്ള ജാഗ്രത നിലവിലില്ല. അങ്ങ് പറഞ്ഞതുപ്പോലെ ആ സംവിധാനത്തിലേയ്ക്ക് നമ്മൾ മാറ്റപ്പെടുമ്പോൾ അത് ആലോചിക്കാവുന്നതാണ്. അതോടൊപ്പം സ്കൂളും അതിന്റെ പരിസരവും വിദ്യാഭ്യാസപരമല്ലാത്ത ആവശ്യങ്ങൾക്ക് നൽകുവാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പുറപ്പെടുവിച്ച ഉത്തരവും നിർദ്ദേശങ്ങളും നിലവിലുണ്ട്. സമൂഹത്തിന്റെ ആരോഗ്യപരിപാലന ലക്ഷ്യത്തോടെയുള്ള കായിക വിനോദ പരിശീലനങ്ങൾക്ക് ഇതൊരു തടസ്സമാകേണ്ടതില്ലെങ്കിലും സാങ്കേതികമായി ഇതൊരു തടസ്സമായി ഉന്നയിക്കപ്പെടാവുന്ന കാര്യവുമാണ്. എന്നിരുന്നാലും പൊതുവിദ്യാലയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളായതിനാൽ മേൽപ്പറഞ്ഞ പ്രശ്നപരിഹാരത്തിനുള്ള ഫലപ്രദമായ പ്രാദേശിക ജാഗ്രത മേൽനോട്ട സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് ഈ പരിമിതികൾ മറികടക്കാൻ കഴിയേണ്ടതാണ്. അതിനുള്ള നയപരമായ ചട്ടക്കൂട്ടും നടപടിക്രമങ്ങളും ഉണ്ടാകേണ്ടതാണ്. ഇക്കാര്യം സംസ്ഥാന സർക്കാർ നിലവിൽ തയാറാക്കിക്കൊണ്ടിരുന്ന കായിക നയത്തിൽ പരിഗണിക്കപ്പെടുന്ന കാര്യം അറിയിക്കുകയാണ്. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളും സർക്കാർ തയാറാക്കുന്നുണ്ട്.

കുട്ടികൾ മുതൽ മുതിർന്ന പൗരന്മാർവരെ സമൂഹത്തിലെ എല്ലാ വിഭാഗ ആളുകൾക്കും സമഗ്രമായ ആരോഗ്യ പരിപാലനവും കായികക്ഷമതയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കായിക വിനോദ സൗകര്യങ്ങൾ ഒരുക്കുകയും അതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ വിഭവങ്ങളും വകുപ്പുതല ഭേദങ്ങൾക്കുപരിയായി സംയോജിപ്പിക്കുകയും പഞ്ചായത്തുതല സ്പോർട്സ് കൗൺസിലിന്റെ ചുമതലയിൽ അത് മാറ്റപ്പെടുകയും ചെയ്യും. ഇതിനുള്ള വിശദമായ നയപരിപാടിയും പ്രവർത്തനരേഖയും കായികനയത്തിന്റെ ഭാഗമായിരിക്കും. എല്ലാതലത്തിലും കായിക വിനോദമേഖലയിൽ പ്രാദേശികമായി വലിയ ഉണർവുണ്ടാകുന്ന പദ്ധതിയാണ് സർക്കാർ ലഭ്യമാക്കുന്നത്. നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനുകീഴിൽ വിവിധ ജില്ലകളിലായി അന്താരാഷ്ട്ര നിലവാരത്തിൽ സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളും നിലവിലുണ്ട്; പുതിയത് നിർമ്മിച്ചുവരികയാണ്. വ്യായാമം ചെയ്യുന്നതിലേയ്ക്കായി ഗ്രൗണ്ടുകൾ പൊതുജനങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് പ്രവേശനം നൽകിവരുന്നുണ്ട്. പൊതുജനങ്ങൾ, ഉദ്യോഗാർത്ഥികൾ എന്നിവരുടെ ആരോഗ്യപരിപാലനത്തിനും വ്യായാമത്തിനുമായി 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' നിർമ്മിക്കുകയെന്ന നയം ഇടതുപക്ഷ മുന്നണി ഗവൺമെന്റ് സ്വീകരിക്കുകയും

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഈ കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ അങ്ങയുടെ ഈ ആവശ്യം ഭാവിയിൽ പൂർണ്ണമായും പ്രായോഗികമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഇക്കാര്യത്തിൽ പഞ്ചായത്തുകളിൽ ഓരോ സ്റ്റേഡിയം ഉണ്ടാക്കുക എന്നുള്ളത് ഇപ്പോഴത്തെ സ്ഥലത്തിന്റെ പരിമിതികൊണ്ട് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ട്. അതിനാവശ്യമായ പണവും വകയിരുത്തിയിട്ടില്ല. പണം വകയിരുത്തിയിട്ടുണ്ട്, പക്ഷേ ഈ ആവശ്യത്തിനുവേണ്ടിയുള്ള തുകയൊന്നും വകയിരുത്തിയിട്ടില്ല. ആ നിലയ്ക്ക് എത്ര വർഷംകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുമെന്ന് പറയാൻ കഴിയില്ല. ഇന്നത്തെ ആവശ്യം അഭിമുഖീകരിക്കാൻ കഴിയും. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ആ സ്കൂൾ പരിസരം ദുരുപയോഗം ചെയ്യുന്നില്ല എന്നുമാത്രം ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ മതി. അതിനുവേണ്ടി പഞ്ചായത്തുതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുമെന്ന് പറഞ്ഞു. അതിന്റെ നിയന്ത്രണത്തിൽ ഈ ഗ്രൗണ്ടുകൾ ഉൾപ്പെടുത്തിയാൽ മതി. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: അക്കാര്യം മറുപടിയിൽ കൃത്യമായി

പറഞ്ഞിട്ടുണ്ട്. പുതിയൊരു സ്പോർട്സ് നയം ഗവൺമെന്റ് രൂപീകരിക്കാൻ പോകുന്ന ഘട്ടത്തിൽ ആ നയത്തിന്റെ ഭാഗമായി സ്പോർട്സ് കൗൺസിൽ പഞ്ചായത്ത് തലത്തിൽ വരികയും പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പും വിദ്യാഭ്യാസവകുപ്പും സ്പോർട്സ് വകുപ്പും ചേർന്ന് അങ്ങ് പറഞ്ഞ നിർദ്ദേശം പരിഗണിച്ചുകൊണ്ട് ഇതിന് പരിഹാരം കാണാൻ കഴിയും. പഴയ ഏഴിന പരിപാടിയുടെ ഭാഗമായി എല്ലാ പഞ്ചായത്തിലും നിലവിൽ ഒരു ഗ്രൗണ്ട് ഉണ്ട്. അതൊക്കെ കാലഹരണപ്പെട്ട് കിടക്കുകയാണ്. അതെല്ലാം പുനരുജ്ജീവിപ്പിക്കുകയും പുതിയ ഗ്രൗണ്ടുകൾ ഉണ്ടാകുകയും ചെയ്യുന്നതോടുകൂടി അങ്ങയുടെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമെന്നാണ് വ്യക്തമായി പറയാനുള്ളത്.